LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്കരണം

63 (1887) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പഠിച്ച് വരികയാണ്. ശമ്പള പരിഷ്കരണം കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി 3-12-2015-ൽ സമിതി യോഗം ചേരുന്നുണ്ട്.

ശമ്പള പരിഷ്കരണം

64 (1888) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണ നടപടികൾ മന്ത്രിസഭാ ഉപസമിതി പഠിച്ചുകഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി ഈ നടപടി പൂർത്തീകരിക്കുമോ ;

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ശമ്പള പരിഷ്കരണ നടപടി 2015-ൽ തന്നെ നടപ്പിലാക്കി, ഉക ജീവനക്കാർക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. ഉപസമിതിയുടെ ഒരു യോഗം 3-12-2015-ൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ശമ്പള കമ്മീഷൻ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

കേരള സംസ്ഥാന സംരംഭക മിഷൻ

65 (T1889) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വികസന മിഷന്റെ ഗുണഭോക്താക്കളായി എത്ര പേർ ഉണ്ടെന്നും എത്ര ഉക ആയതിലേക്കായി ലഭ്യമാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച വാർഷികാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.